പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 441/2014 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമെ കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളൂ.

കോഴിക്കോട് കുറ്റ്യാടി - നാദാപുരം പാതയിലെ ഗതാഗത പ്രശ്നങ്ങൾ

239 (240) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) ട്രാഫിക് സിഗ്നൽ ഉൾപ്പെടെയുള്ള നിയന്ത്രണ സംവിധാനങ്ങൾ പ്രസ്തുത റോഡിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധന നടത്തിയിട്ടുണ്ട്. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നതാണ് അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വാഹനങ്ങളുടെ അമിത വേഗതയും മറ്റും തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ കുറ്റ്യാടി - നാദാപുരം സംസ്ഥാന പാതയിൽ പോലീസ് കർശനമായ പട്രോളിങ്ങും, വാഹന പരിശോധനയും നടത്തിവരുന്നു. പ്രസ്തുത പാതയിലെ അപകടകരമായ സ്ഥലങ്ങളിൽ ഹംപുകളും മറ്റും സ്ഥാപിക്കാൻ പി.ഡബ്ല്യു.ഡി. അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ കൂട്ടേഷൻ സംഘങ്ങളുടെ ആക്രമണം

240 (241) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വിശദമാക്കുമോ ;

(ബി) തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് സിറ്റിയിൽ തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസുകൾ റിപ്പോർട്ടാകുന്ന മുറയ്ക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, പോലീസ് പട്രോളിംഗ്, ജനമൈത്രി പോലീസ് പദ്ധതി എന്നിവയിലൂടെ പോലീസ് സാന്നിദ്ധ്യം നഗരത്തിൽ ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട കണക്കുകൾ

241 (242) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കാനായി സർക്കാർ നടപ്പാക്കിയ ഓപ്പറേഷൻ കുബേര പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ പിടികൂടിയെന്നും എത്രപേരെ പിടികൂടുവാനുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള വിവിധ റെയ്ഡുകളിൽ എത്ര ഇരുചക്ര നാളിതുവരെ പോലീസ് പിടിച്ചെടുത്തുവെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട വിവിധ റെയ്ഡുകളിൽ പിടിച്ചെടുക്കപ്പെട്ട രേഖകളിൽ കൊള്ളപ്പലിശക്കാരുടെ പക്കൽനിന്നും പിടിച്ചെടുത്ത ചെക്കുകളും ആധാരങ്ങളും യഥാർത്ഥ അവകാശികൾക്ക് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ നടത്തിയ അന്വേഷണത്തിൽ കൊള്ളപ്പലിശക്കാരെ സഹായിക്കാനായി പ്രവർത്തനം നടത്തിയതായി കണ്ടെത്തിയതും പണമിടപാട് സംബന്ധിച്ച പരാതികൾ നേരിടുന്നതുമായ പോലീസ് ഉദ്യോഗസ്ഥർ

LIBRARY ARCHIVES Kerala Legislative Assembly